**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**
**ഫോൺ: 0471 2302490 ഫാക്സ് :0471 2303025/2303080**
ഇ-മെയിൽ: dhskerala@gmail.com വെബ്സൈറ്റ്: www.dhs.kerala.gov.in

---

**<u>ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

വിഷയം:- ആ.വ.ഡ - വിജിലൻസ് - പാലക്കാട് ജില്ലയിലെ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ആയ ശ്രീ. പ്രശാന്ത്. എം. (PEN: 304377), ആദ്യ അനധികൃത ഹാജരില്ലായ്മയെ തുടർന്ന് സർവീസിൽ പുനഃ പ്രവേശിക്കുന്നതിനായി സമർപ്പിച്ചിരുന്ന ബോണ്ട് വ്യവസ്ഥകൾ ലംഘിച്ചു കൊണ്ട്, വീണ്ടും, 09/09/2024 മുതൽ അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ചത് - ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്തു കൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-(1) സ.ഉ. (സാധാ) നം : 174/2021/ആ കു വ, തീയതി 20/01/2021.

(2) സ.ഉ.(സാധാ) നം. 1724/2022/ആകുവ, തീയതി: 18/07/2022 .

(3) ഉത്തരവ് നമ്പർ ഇ.ജി.4- 51884/2022/ആവഡ, തീയതി: 01/09/2022.

(4) കത്ത് നമ്പർ എ6/1470/2024/ജി.മെ.ആ(ആ) പാലക്കാട്, തീയതി: 16/11/2024 .

(5) 07/02/2025 തീയതിയിലെ ആ.വ.ഡ./29725/2024-ഇസി.1. നമ്പർ കുറ്റാരോപണ മെമ്മോയും, കുറ്റാരോപണ പത്രികയും.

(6) കത്ത് നമ്പർ എ6/6836/2025/ജി.മെ.ആ (ആ) പാലക്കാട്, തീയതി: 18/03/2025.

(7) ആരോഗ്യവകുപ്പ് ഡയറക്ടറുടെ, 28/03/2025 തീയതിയിലെ,

ആ.വ.ഡ./29725/2024-ഇ.സി.1 നമ്പർ ഉത്തരവ്.
(8) അന്വേഷണ ഉദ്യോഗസ്ഥയായ അഡീഷണൽ ഡയറക്ടർ (വിജിലൻസ്) സമർപ്പിച്ച ഔപചാരികാന്വേഷണ റിപ്പോർട്ട്.
(9) ആരോഗ്യവകുപ്പ് ഡയറക്ടറുടെ, 03/05/2025 തീയതിയിലെ, ആ.വ.ഡ./29725/2024-ഇ.സി.1 നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
(10) ഉത്തരവ് നമ്പർ ആ.വ.ഡ./17163/2024-ഇവി4., തീയതി 09.05.2025.
(11) കത്ത് നമ്പർ എ6/3151/2025/ജി.മെ.ആ (ആ) പാലക്കാട്, തീയതി 22/05/2025.

**ഉത്തരവ് നമ്പർ ആ.വ.ഡ./29725/2024-ഇസി.1, തീയതി: 29-05-2025**

08/06/1995-ൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ സർവീസിൽ പ്രവേശിച്ച ശ്രീ. പ്രശാന്ത്.എം, പിന്നീട് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന്, ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ 08.05.2012-ന് ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. എന്നാൽ ടിയാൻ 01.06.2012 മുതൽ തുടർച്ചയായി ശൂന്യ വേതന അവധിയിലും, തുടർന്ന് 18/09/2014 മുതൽ പൂർണ്ണമായും അനധികൃത ഹാജരില്ലായ്മയിലും പ്രവേശിച്ചിരുന്നു. ടിയാൻ 18/11/2022 വരെയുള്ള നീണ്ട കാലം അനധികൃത ഹാജരില്ലായ്മയിലായിരുന്നു. ആയതിനെ തുടർന്ന്, 1960- ലെ കെ. സി. എസ്. (സി.സി.& എ) ചട്ടം 15 അനുസരിച്ച്, കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകി ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരുന്നു. പിന്നീട്, സ.ഉ.(അച്ചടി) നം: 55/2020/ആകുവ, തീയതി: 16/09/2020 പ്രകാരമുള്ള ബോണ്ട് വ്യവസ്ഥകൾ അനുസരിച്ച്, പരാമർശം (1), (2) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം, ടിയാന് സർവീസിൽ പുനഃ പ്രവേശനം നൽകിയിരുന്നു. തുടർന്ന്, പരാമർശം (3) ലെ ഉത്തരവ് പ്രകാരം, ടിയാനെ ഇടുക്കി ജില്ലയിലെ കൊന്നത്തടി കുടുംബാരോഗ്യ കേന്ദ്രത്തിൽ നിയമിച്ചു ഉത്തരവാകുകയും ചെയ്തിരുന്നു (പുനഃ പ്രവേശനം). അവിടെ നിന്നും പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ

കുടുംബാരോഗ്യ കേന്ദ്രത്തിലക്ക് ടിയാന് സ്ഥലം മാറ്റം ലഭിക്കുകയും, തുടർന്ന് **15/02/2024** മുതൽ പാലക്കാട് ജില്ലയിലെ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്തു വരുകയുമായിരുന്നു. ടി അനധികൃത ഹാജരില്ലായ്മയ്ക്ക് അച്ചടക്ക നടപടിയും തുടർന്ന് വന്നിരുന്നു. എന്നാൽ പ്രസ്തുത അച്ചടക്ക നടപടി തീർപ്പാക്കിയിരുന്നില്ല.

**(2)** ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രത്തിൽ ജോലിയിൽ പ്രവേശിച്ചത് മുതൽ ടിയാൻ, അനിയന്ത്രിതമായി അവധി എടുക്കുന്നത് മൂലം ടി സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതുജനാരോഗ്യ വിഭാഗത്തിന്റെ പ്രവൃത്തികൾ വളരെയേറെ ബുദ്ധിമുട്ട് അനുഭവിച്ചതായി മെഡിക്കൽ ഓഫീസർ ഇൻ ചാർജ്, ജില്ലാ മെഡിക്കൽ ഓഫീസർക്ക് റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന്, പാലക്കാട് ജില്ലയിലെ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-**II** ആയ ശ്രീ. പ്രശാന്ത്. എം **(PEN:304377)**, പുനഃ പ്രവേശനത്തിനായി സമർപ്പിച്ചിരുന്ന, ബോണ്ട് വ്യവസ്ഥകൾ ലംഘിച്ചു കൊണ്ട് **09/09/2024** മുതൽ വീണ്ടും അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ചതായി, പരാമർശം **(4)** പ്രകാരം, നിശ്ചിത പ്രൊഫോർമയിൽ, പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്യുകയും ഉണ്ടായി.

**(3)** ആയതിനെ തുടർന്ന്, പരാമർശം **(5)** പ്രകാരം, ആദ്യ അനധികൃത ഹാജരില്ലായ്മയ്ക്കുള്ള അച്ചടക്ക നടപടി തീർപ്പാക്കിയിട്ടില്ലാത്തതിനാൽ, മേൽ രണ്ടു അനധികൃത ഹാജരില്ലായ്മയും ഉൾപ്പെടുത്തി, ടി രണ്ടു കുറ്റങ്ങൾക്കുമായി, **1960**-ലെ കെ.സി.എസ് (സി.സി ആന്റ് എ) ചട്ടം **15** പ്രകാരമുള്ള കുറ്റാരോപണ മെമ്മോയും, കുറ്റാരോപണ പത്രികയും നൽകി, ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. പ്രസ്തുത കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രിക, പരാമർശം **(6)** പ്രകാരം, പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയിരുന്നു. ആദ്യ അനധികൃത ഹാജരില്ലായ്മയെ തുടർന്ന്, സർവീസിൽ പുനഃ പ്രവേശിക്കുന്നതിനായി ടിയാൻ സമർപ്പിച്ചിരുന്ന ബോണ്ട് വ്യവസ്ഥകൾ ലംഘിച്ചു കൊണ്ട്, വീണ്ടും അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ചതിന്

പ്രത്യേകിച്ച് കാരണമൊന്നും ബോധിപ്പിക്കുവാൻ സാധിച്ചിരുന്നില്ല. കൂടാതെ, ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രിക തൃപ്തികരമല്ലെന്നും, ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കണമെന്നും, ടി പ്രതിവാദ പത്രികയിൻ മേൽ പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തിരുന്നു. കൂടാതെ 2025 മേയ് മാസത്തിൽ ടിയാൻ സർവ്വീസിൽ നിന്നും വിരമിക്കുകയാണെന്നും അറിയിച്ചിരുന്നു.

(4) ശ്രീ. പ്രശാന്ത്.എം,ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II സമർപ്പിച്ച പ്രതിവാദ പത്രികയിലെ, പ്രതിവാദം തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ, 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും, നിയന്ത്രണവും അപ്പീലും), ചട്ടങ്ങളിലെ, ചട്ടം 15 പ്രകാരം, ഔപചാരികാന്വേഷണത്തിന് അന്വേഷണ ഉദ്യോഗസ്ഥയായി, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) - നെ ചുമതലപ്പെടുത്തി, പരാമർശം (7) പ്രകാരം, ഉത്തരവായിരുന്നു. ഔപചാരിക അന്വേഷണത്തിന്, സാക്ഷികളോ, രേഖകളോ സഹിതം 10/04/2025 - ന് ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നേരിട്ട് ഹാജരാകാൻ, ടിയാന് പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം അറിയിപ്പ് നൽകുകയും, ഔപചാരിക അന്വേഷണം അന്നേ ദിവസം നടത്തുകയുമുണ്ടായി.

( 5 ) അന്വേഷണ ഉദ്യോഗസ്ഥയായ അഡീഷണൽ ഡയറക്ടർ (വിജിലൻസ്) സമർപ്പിച്ച ഔപചാരികാന്വേഷണ റിപ്പോർട്ടിൽ,

(i) ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ജോലി ചെയ്തിരുന്ന സമയത്തു, ശ്രീ. പ്രശാന്ത്. എം (PEN: 304377), ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II, 01.06.2012 മുതൽ തുടർച്ചയായി ശൂന്യ വേതന അവധിയിൽ പ്രവേശിച്ചിരുന്നതായും, ഇടയ്ക്കു കുറച്ചു ദിവസം ജോലി ചെയ്യുകയും, വീണ്ടും ശൂന്യ വേതന അവധി അപേക്ഷ സമർപ്പിക്കുകയുമാണ് ടിയാൻ ചെയ്തു വന്നിരുന്നതെന്നും, ടിയാൻ സമർപ്പിച്ച എല്ലാ ലീവുകളും ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ ഇൻ ചാർജ്

അനുവദിച്ചിട്ടുമില്ലെന്നും, ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫിസറുടെ റിപ്പോർട്ട് പ്രകാരം ടിയാൻ അവസാനം ജോലി ചെയ്ത തീയതി **17/09/2014** ആണെന്നും, തുടർന്ന്, **18/09/2014** മുതൽ **18/11/2022** വരെയുള്ള നീണ്ട കാലം ടിയാൻ അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ചിരുന്നതായി കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതായും ആയതിൽ പ്രതിപാദിച്ചിരുന്നു .

**(ii)** സ. ഉ. (അച്ചടി )നം: **55/2020**/ആ.കു.വ., തീയതി: **16/09/2020** പ്രകാരമുള്ള ബോണ്ട് വ്യവസ്ഥകൾ പ്രകാരം, സ.ഉ. (സാധാ) നം : **174/2021**/ആ.കു.വ., തീയതി **20/01/2021**, സ.ഉ. (സാധാ) നം. **1724/2022**/ആ.കു.വ., തീയതി **18/07/2022** എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം, അനധികൃത ഹാജരില്ലായ്മക്ക് ശേഷം, ടിയാന് സർവീസിൽ പുനഃ പ്രവേശനം നൽകിയിരുന്നതായും, എന്നാൽ, നിലവിൽ, പാലക്കാട് ജില്ലയിലെ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-**2** ആയ ടിയാൻ ആദ്യ അനധികൃത ഹാജരില്ലായ്മയെ തുടർന്ന് സർവീസിൽ പുനഃ പ്രവേശിക്കുന്നതിനായി സമർപ്പിച്ചിരുന്ന ബോണ്ട് വ്യവസ്ഥകൾ ലംഘിച്ചു കൊണ്ട്, വീണ്ടും **09/09/2024** മുതൽ അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ചതായി അന്വേഷണത്തിൽ കണ്ടെത്തിയതായും റിപ്പോർട്ട് ചെയ്തിരുന്നു. രണ്ടു പ്രാവശ്യവും, അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ചതിന് കൃത്യവും ന്യായവുമായ കാരണങ്ങൾ ബോധിപ്പിക്കുവാൻ ടിയാന് സാധിച്ചിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

**(6)** **18/09/2014** മുതൽ **18/11/2022** വരെയുള്ള നീണ്ട കാലം അനധികൃതമായി സർവീസിൽ നിന്നും വിട്ടു നിൽക്കുകയും, പിന്നീട് സ.ഉ. (അച്ചടി )നം: **55/2020**/ആ.കു.വ. തീയതി **16/09/2020** പ്രകാരമുള്ള ബോണ്ട് വ്യവസ്ഥകൾ പ്രകാരം, സർവീസിൽ പുനഃ പ്രവേശനം നേടുകയും, തുടർന്ന് സർവീസിൽ പുനഃ പ്രവേശിക്കുന്നതിനായി ടിയാൻ സമർപ്പിച്ചിരുന്ന ബോണ്ട് വ്യവസ്ഥകൾ ലംഘിച്ചു കൊണ്ട്, വീണ്ടും **09/09/2024** മുതൽ അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ചതിനും, **1960**-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും, നിയന്ത്രണവും അപ്പീലും), ചട്ടങ്ങളിലെ, ചട്ടം **15** പ്രകാരം, ശ്രീ. പ്രശാന്ത്.എം, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-**II** ന് കടുത്ത ശിക്ഷ

നൽകുന്നതിനുള്ള അച്ചടക്ക നടപടികൾ തുടരാവുന്നതും, ടിയാനെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണെന്നും, ബോണ്ട് വ്യവസ്ഥകൾ ലംഘിച്ചതിനാൽ, ടി ബോണ്ട് തുക ടിയാനിൽ നിന്നോ അല്ലെങ്കിൽ ഷുവർറ്റിയിൽ നിന്നോ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണെന്നും, അന്വേഷണ ഉദ്യോഗസ്ഥ ശിപാർശ ചെയ്യുകയും, ആരോഗ്യ വകുപ്പ് ഡയറക്ടർ ആയതു അംഗീകരിക്കുകയും ചെയ്തിരുന്നു.

(7) അനധികൃത ഹാജരില്ലായ്മ എന്ന ഗൗരവമായ ചാർജ് ഔപചാരികാന്വേഷണത്തിൽ തെളിഞ്ഞിട്ടുള്ളതിനാലും, ശ്രീ. പ്രശാന്ത്.എം, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II ന് അതിനെതിരെ നിലനിൽക്കുന്ന വാദഗതികളൊന്നും സമർപ്പിക്കുവാൻ കഴിയാത്തതിനാലും, 1960- ലെ കെ. സി. എസ്. (സി.സി.&എ) ചട്ടങ്ങളിലെ ചട്ടം 11 (1) (vii) പ്രകാരം ടിയാനെ, സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് (Removal from Service) താൽക്കാലികമായി തീരുമാനിച്ചു കൊണ്ടുംകൂടാതെ, ആദ്യ അനധികൃത ഹാജരില്ലായ്മയെ തുടർന്ന്, സർവീസിൽ പുനഃ പ്രവേശിക്കുന്നതിനായി ടിയാൻ സമർപ്പിച്ചിരുന്ന ബോണ്ട് വ്യവസ്ഥകൾ ലംഘിച്ചതിനാൽ, ടി ബോണ്ട് തുക ടിയാനിൽ നിന്നോ, അല്ലെങ്കിൽ ടി ബോണ്ടിലെ ഷുവർറ്റിയിൽ നിന്നോ ഈടാക്കുന്നതിനും താൽക്കാലികമായി തീരുമാനിച്ചു കൊണ്ടു പരാമർശം (9) പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

(8) പരാമർശം (11) പ്രകാരം, മേൽ കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. പ്രശാന്ത്. എം സമർപ്പിച്ച മറുപടി പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയിരുന്നു. ടിയാന്റെ വിവിധ അസുഖങ്ങൾ കാരണമാണ് ജോലിയ്ക്കു ഹാജരാകാൻ കഴിയാതിരുന്നതെന്നും, ഇപ്പോഴത്തെ കാരണം കാണിക്കൽ നോട്ടീസിന്റെ ഉള്ളടക്കം ആവർത്തനമാണെന്നും, കൂടാതെ

ടിയാന്റെ അനധികൃത ഹാജരില്ലായ്മയ്ക്ക് പിന്നിലെ യഥാർത്ഥ സാഹചര്യങ്ങളെ തെറ്റായി ചിത്രീകരിച്ചിരിക്കുന്നതായി തോന്നുന്നുവെന്നും, **31.05.2025**-ന് ടിയാൻ വിരമിക്കാൻ പോകുന്നതിനാൽ, ഈ ഘട്ടത്തിൽ സർവീസിൽ നിന്ന് നീക്കം ചെയ്യുന്നത് വളരെ അമിതമായ ശിക്ഷയായിരിക്കുമെന്നും, രോഗാവസ്ഥയിൽ ഒരു സംരക്ഷകനോ കുടുംബ പിന്തുണയോ ഇല്ലാതെ ഒറ്റയ്ക്ക് താമസിക്കുന്ന ഒരു വ്യക്തിയാണ് ടിയാനെന്നും, ടിയാനെ സർവീസിൽ നിന്ന് നീക്കം ചെയ്യുന്ന ഏതൊരു നടപടിയും മാനസികമായും സാമ്പത്തികമായും കടുത്ത ബുദ്ധിമുട്ടുകൾ ഉണ്ടാക്കും എന്നും ആയതിൽ ടിയാൻ അറിയിച്ചിരുന്നു . എന്നാൽ ടിയാളുടെ മറുപടി തൃപ്തികരമല്ലെന്നു പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ ആയതിൽ അഭിപ്രായം രേഖപ്പെടുത്തിയിരുന്നു.

**(9)** **1960** - ലെ കെ.സി.എസ് (സി.സി ആന്റ് എ) ചട്ടം **15** അനുസരിച്ചുള്ള ഔപചാരികാന്വേഷണത്തിൽ, ശ്രീ. പ്രശാന്ത്.എം, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-**II** ന്റെ പ്രവർത്തന മേഖലയിൽ തികഞ്ഞ അച്ചടക്ക ലംഘനം, അനധികൃത ഹാജരില്ലായ്മ, സർവീസിൽ പുനഃ പ്രവേശിക്കുന്നതിനായി സമർപ്പിച്ചിരുന്ന ബോണ്ട് വ്യവസ്ഥകകളുടെ ലംഘനം എന്നിവ കണ്ടെത്തിയിരുന്നു. ടിയാന്റെ മേൽ നടപടികൾ കടുത്ത അച്ചടക്ക ലംഘനവും, ഗുരുതരമായ കൃത്യവിലോപവും, ഔദ്യോഗിക സ്വഭാവ ദൂഷ്യവും, സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ട ലംഘനവും, കടുത്ത ശിക്ഷ അർഹിക്കുന്ന കുറ്റവുമാണ്.

**(10)** മേൽ സാഹചര്യത്തിൽ, പാലക്കാട് ജില്ലയിലെ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-**2** ആയ ശ്രീ. പ്രശാന്ത്. എം. **(PEN: 304377)**, ആദ്യ അനധികൃത ഹാജരില്ലായ്മയെ തുടർന്ന് സർവീസിൽ പുനഃ പ്രവേശിക്കുന്നതിനായി സമർപ്പിച്ചിരുന്ന ബോണ്ട് വ്യവസ്ഥകൾ ലംഘിച്ചു കൊണ്ട്, വീണ്ടും, **09/09/2024** മുതൽ അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ച കുറ്റത്തിന്, **1960**- ലെ കെ. സി. എസ്. (സി.സി.&എ) ചട്ടങ്ങളിലെ ചട്ടം **11 (1) (vii)** പ്രകാരം ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്തു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. കൂടാതെ, ആദ്യ

അനധികൃത ഹാജരില്ലായ്മയെ തുടർന്ന്, സർവീസിൽ പുനഃ പ്രവേശിക്കുന്നതിനായി ടിയാൻ സമർപ്പിച്ചിരുന്ന ബോണ്ട് വ്യവസ്ഥകൾ ലംഘിച്ചതിനാൽ, ടി ബോണ്ട് തുകയായ 15 ലക്ഷം രൂപ സർക്കാർ നിശ്ചയിച്ചിരിക്കുന്ന പലിശ സഹിതം, ടിയാനിൽ നിന്നോ, അല്ലെങ്കിൽ ടി ബോണ്ടിലെ ഷുവർറ്റിയിൽ നിന്നോ ഈടാക്കുന്നതിനും ഉത്തരവാകുന്നു. ഇപ്രകാരം പാലക്കാട് ജില്ലയിലെ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ആയ ശ്രീ. പ്രശാന്ത്. എം. (PEN: 304377) നെതിരെയുള്ള അച്ചടക്ക നടപടിയും തീർപ്പാക്കി ഉത്തരവാകുന്നു.

Signed by
Reena K J
Date: 29-05-2025 15:17:18

ഡോ. റീന. കെ. ജെ.
ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

ശ്രീ. പ്രശാന്ത്. എം,
ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2,
കുടുംബാരോഗ്യ കേന്ദ്രം, ഒഴലപ്പതി,
പാലക്കാട് ജില്ല
(ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട് മുഖേന)

പകർപ്പ് :-

1) ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട് /ആലപ്പുഴ

2) മെഡിക്കൽ ഓഫീസർ ഇൻചാർജ്ജ്, കുടുംബാരോഗ്യ കേന്ദ്രം, ഒഴലപ്പതി, പാലക്കാട് ജില്ല

3) സീനിയർ സൂപ്രണ്ട്, ഇ. ജി. സെക്ഷൻ

4)ഫയൽ / കരുതൽ ഫയൽ.